**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3676** **27-06-2024 - ൽ മറുപടിയ്ക്ക്**

**ആലത്തൂർ മണ്ഡലത്തിലെ ആശ്വാസ കിരണം പദ്ധതി അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | 2021-22, 2022-23, 2023-24 കാലയളവിൽ ആലത്തൂർ മണ്ഡലത്തിൽ അശ്വാസകിരണം പദ്ധതിയിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | 2021-22 കാലയളവിൽ - 9 അപേക്ഷകൾ<br><br>2022-23 കാലയളവിൽ - 23 അപേക്ഷകൾ<br><br>2023-24 കാലയളവിൽ - 5 അപേക്ഷകൾ<br><br>ആകെ 37 അപേക്ഷകൾ ലഭിച്ചിട്ടുണ്ട് |
| (ബി) | അർഹരായ എല്ലാ അപേക്ഷകരേയും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | 11/10/2012 ലെ സ.ഉ.(എം എസ്)60/2012/ സാ.ക്ഷേ.വ പ്രകാരം ആശ്വാസകിരണം പദ്ധതിയുടെ മാനദണ്ഡം ലഘൂകരിക്കുകയും ആനുകൂല്യം ലഭിക്കുന്ന ശയ്യാവലംബർ, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വൈകല്യമുള്ളവർ, മാനസിക രോഗികൾ എന്നിവർക്ക് പുറമേ 100% അന്ധത, പ്രായാധിക്യം കൊണ്ടും, ക്യാൻസർ മുതലായ പലവിധ ഗുരുതരമായ രോഗങ്ങളാലും കിടപ്പിലായവരുടെയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമാവുകയും ചെയ്യുന്ന അവസ്ഥയിലുള്ള മുഴുവൻ ആളുകളുടെയും പരിചാരകരെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തുകയുണ്ടായി. തന്മൂലം പദ്ധതിയിലെ അപേക്ഷകരുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയും ബഡ്ജറ്റ് വിഹിതത്തിനേക്കാൾ കൂടുതൽ തുക പദ്ധതിക്ക് ആവശ്യമായി വരുന്ന സാഹചര്യം ഉണ്ടാവുകയും ചെയ്തു. ഫണ്ട് ലഭ്യതക്കനുസരിച്ച് അർഹരായ എല്ലാ അപേക്ഷകരെയും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ